പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4584 18.05. 2017 ൽ മറുപടിക്ക്

**ഡിപ്ലോമക്കാർക്ക് അസിസ്റ്റന്റ് എൻജിനീയർമാരായി പ്രൊമോഷൻ നൽകാൻ നടപടി**

ചോദ്യം

ശ്രീമതി.ആയിഷാ പോറ്റി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി ലിമിറ്റഡിൽ സബ് എൻജിനീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എ) സബ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്നും അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്കു സ്ഥാനകയറ്റത്തിന് നിലവിൽ രണ്ട് ക്വാട്ടകളാണ് ഉള്ളത്. 30% ഡിപ്ലോമ ക്വാട്ടയും 20% ITI ക്വാട്ടയും.<br>30% ഡിപ്ലോമാ ക്വാട്ടയിൽ ഒഴിവുകൾ വരുന്ന മുറയ്ക്കു ഡിപ്ലോമാ യോഗ്യതയുള്ള 3 വർഷം സർവ്വീസ് സബ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ പൂർത്തിയാക്കിയ, പ്രൊബേഷൻ ഡിക്ലയർ ചെയ്യ, വിജിലൻസ് ക്ലിയറൻസുകൾ ലഭിച്ചതുമായ സബ് എൻജിനീയർ (ഇലക്ട്രിക്കൽ) മാരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാന കയറ്റത്തിന് അർഹരാണ്.<br>20% ITI ക്വാട്ടയിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് ITI യോഗ്യതയുള്ള 10 വർഷം സർവ്വീസ് കെ.എസ്.ഇ.ബി.എൽ-ൽ പൂർത്തിയാക്കിയ, പ്രൊബേഷൻ ഡിക്ലയർ ചെയ്യ, വിജിലൻസ് ക്ലിയറൻസുകൾ ലഭിച്ചതുമായ സബ് എൻജിനീയർ (ഇലക്ട്രിക്കൽ) മാർ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാന കയറ്റത്തിന് അർഹരാണ്. |
| (ബി) പ്രസ്തുത സ്ഥാനക്കയറ്റം നടത്തുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) ഉണ്ട്. W.A.2788/2015 എന്ന റിട്ട് അപ്പീലിന്റെ തീർപ്പിനു വിധേയമായി മാത്രമേ നിലവിൽ സ്ഥാനകയറ്റം നൽകാനാവൂ. ടി കേസ് വിചാരണയുടെ അന്തിമ ഘട്ടത്തിലാണ്. |
| (സി) അസിസ്റ്റന്റ് എൻജിനീയർ തസ്തികയിൽ പ്രൊമോഷൻ വഴി നികത്തപ്പെടേണ്ട എത്ര ഒഴിവുകൾ ഉണ്ട്; | (സി) 30% ഡിപ്ലോമാ ക്വാട്ടയിൽ 51 ഒഴിവുകളും, 20% ITI ക്വാട്ടയിൽ 153 ഒഴിവുകളും ഉണ്ട് (01.05.2017 തീയതി പ്രകാ |
| (ഡി) പ്രമോഷൻ ലഭിക്കാതെ 16 വർഷത്തോളമായി സബ്എൻജിനീയർ തസ്തികയിൽ ജോലി ചെയ്തു വരുന്ന ഡിപ്ലോമ യോഗ്യതയുള്ളവർക്ക് അസിസ്റ്റന്റ് എൻജിനീയർമാരായി പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) W.A.2788/2015 എന്ന റിട്ട് അപ്പീലിന്റെ തീർപ്പിന് വിധേയമായി Seniority, Quota Vacancy എന്നിവ അനുസരിച്ച് പ്രൊമോഷൻ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ